കണ്ണൂർ ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥന്മാരുടെ മാഫിയ ബന്ധങ്ങളെക്കുറിച്ച് ലഭ്യമായ പരാതി

177 (6326) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ഉന്നതപോലീസ് ഉദ്യോഗസ്ഥർക്ക് ബ്ലേഡ് പലിശക്കാർ, സ്വത്ത് തർക്കം, വായ്പാ തർക്കം, കുഴൽപ്പണ ഇടപാട് തുടങ്ങിയ രംഗത്തെ ക്വട്ടേഷൻ സംഘങ്ങളുമായി ബന്ധം ആരോപിച്ച് കരാറുകാരനായ എടക്കേരി സ്വദേശി നാരായണൻ എന്നയാൾ ഡി. ജി. പി.-ക്ക് നൽകിയ പരാതിയിൻമേൽ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായോ ; എങ്കിൽ ഏത് പോലീസ് സ്റ്റേഷനിൽ ; ഏത് വകുപ്പുകൾ പ്രകാരം ; ഏത് ക്രൈം നമ്പറിലാണ് ; ഏത് തീയതിയിലാണ് ; കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) പരാതിക്കാരനായ നാരായണൻ 17 ദിവസം തുടർച്ചയായി ക്വട്ടേഷൻ സംഘത്തിന്റെ കസ്റ്റഡിയിൽ കിടക്കാനിടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ; പരാതിയിൽ പരാമർശിക്കപ്പെട്ട സംഗതികളും പോലീസ് ആഫീസറെയും കുറിച്ച് വെളിപ്പെടുത്താമോ ;

(സി) നാരായണന്റെ വെളിപ്പെടുത്തലിൽ ഗൂഢസംഘത്തെ സഹായിക്കുന്ന ഏതെല്ലാം കോൺഗ്രസ് പ്രവർത്തകരെക്കുറിച്ചാണ് ആക്ഷേപം ഉന്നയിച്ചിരിക്കുന്നത് ; അന്വേഷണത്തിൽ ഗുണ്ടാ പ്രവർത്തനങ്ങൾ നടത്തിയ ഏതെല്ലാം ആളുകൾ കോൺഗ്രസ് പ്രവർത്തകരാണെന്ന് തെളിയുകയുണ്ടായി ;

(ഡി) 2013 ഒക്ടോബർ 13-ന് 'ഖദറിട്ട പ്രമുഖന്റെ ഗുണ്ടാ രാജ്' എന്ന തലക്കെട്ടിൽ മെട്രോ മനോരമയിൽവന്ന വാർത്ത അന്വേഷണത്തിന്റെ ഭാഗമാക്കുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ഇ) അന്വേഷണത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ വെണ്ടുട്ടായി പ്രദേശത്തെ ഏതെല്ലാം വീടുകളിൽ റെയ്ഡ് നടത്തുകയുണ്ടായി ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(എഫ്) പ്രസ്തുത സംഘത്തിൽപ്പെട്ടവരിൽനിന്നും ബോംബുകൾ ഉൾപ്പെടെയുള്ള മാരകായുധങ്ങളും വസ്തുക്കളും കണ്ടെത്തുകയുണ്ടായോ ; ഇത് സംബന്ധമായി അവ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ജി) വെണ്ടുട്ടായിലെ പീഡനത്തിന് നേതൃത്വം നൽകിയ ആൾ ആരായിരുന്നു ; അയാൾ ഏത് രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടയാളാണ് ; അയാൾക്കും സംഘത്തിനും സ്ഥലത്തെ ആർ. എസ്. എസ്. ക്രിമിനലുമായി ബന്ധം ഉള്ളതായി അന്വേഷണ സംഘത്തിന് മനസ്സിലായിട്ടുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എടച്ചേരി സ്വദേശി നാരായണൻ എന്നയാളുടെ പരാതി ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ കെ. നാരായണൻ, എടച്ചേരി എന്നയാൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ഠൗൺ പോലീസ് സ്റ്റേഷൻ Crime No.1596/13 U/s 364(A) 347, 323, 506(i) r/w 34 IPC പ്രകാരം 13-10-2013-ന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) കെ. നാരായണനെ തട്ടിക്കൊണ്ട് പോയത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ തട്ടിക്കൊണ്ടുപോയത് സംബന്ധിച്ചുള്ള സംഗതികൾ ബോദ്ധ്യമായിട്ടുണ്ട്. പോലീസ് ആഫീസറുടെ പങ്കിനെപ്പറ്റി അന്വേഷണത്തിൽ ബോധ്യമായിട്ടില്ല.

(സി) കെ. നാരായണന്റെ പരാതിപ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ നാരായണൻ ഇത്തരം ആക്ഷേപം ഉന്നയിച്ചിട്ടില്ല. അന്വേഷണത്തിൽ അത്തരത്തിലുള്ള കാര്യങ്ങൾ തെളിഞ്ഞിട്ടില്ല.

(ഡി) പ്രസ്തുത വാർത്ത മേൽകേസിന്റെ അന്വേഷണത്തിന്റെ ഭാഗമാക്കിയിട്ടില്ല. എന്നാൽ പത്രവാർത്തയെക്കുറിച്ച് അന്വേഷിച്ചതിൽ ഇത് വെറും ആരോപണം മാത്രമാണെന്ന് തെളിഞ്ഞിട്ടുള്ളതാണ്.

(ഇ) അന്വേഷണത്തിന്റെ ഭാഗമായി റെയിഡുകൾ നടത്തിയിട്ടില്ല.

(എഫ്) കണ്ടെത്തിയിട്ടില്ല.

(ജി) ഇത് സംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്.

ബ്ലേഡ് മാഫിയയുടെ പീഡനം സംബന്ധിച്ച പരാതി

178 (6327) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 25-10-2013-ന്റെ മാതൃഭൂമി കണ്ണൂർ എഡിഷനിൽ നാട്ടുവർത്തമാനം പേജിൽ വന്ന "പണം ആവശ്യപ്പെട്ട് യുവാവിനെ തീക്കുനയ്ക്ക് നടുവിൽ നിർത്തി" എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വാർത്തയിൽ പറയുന്ന മനേഷിന്റെ ഭാര്യയുടെയും അമ്മയുടെയും പരാതി കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ടിന് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ജില്ലാ പോലീസ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ബ്ലേഡ് മാഫിയയ്ക്ക് വേണ്ടി കവട്ടേഷൻ സംഘം നടത്തിയ ഈ പീഡനത്തിൽ പോലീസ് മനേഷിന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ മൊഴിയുടെ കോപ്പി ലഭ്യമാക്കാമോ ;

(എഫ്) പ്രസ്തുത സംഭവത്തിൽ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly